**പതിനാലാം കേരളനിയമസഭ**
**പത്താം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5742 | 28.03.2018-ൽ മറുപടിക്ക് |
|---|---|

## വസതികൾക്ക് മുന്നിലെ പോലീസ് പിക്കറ്റുകൾ

| | ചോദ്യം<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണിയോ മറ്റേതെങ്കിലും തരത്തിലുള്ള ഭീഷണിയോ നേരിടുന്ന ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, ജഡ്ജിമാർ തുടങ്ങിയ പ്രമുഖർക്ക് സുരക്ഷയുടെ ഭാഗമായി അവരുടെ വസതികൾക്ക് പേലീസ് പിക്കറ്റുകൾ ഏർപ്പെടുത്താറുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഏർപ്പെടുത്താറുണ്ട്. സംസ്ഥാനത്ത് മാവോയിസ്റ്റ് ഭീഷണിയോ മറ്റേതെങ്കിലും തരത്തിലുള്ള ഭീഷണിയോ നേരിടുന്ന ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, ജഡ്ജിമാർ തുടങ്ങിയ പ്രമുഖർക്ക്, സർക്കാർ ഉത്തരവുകൾ പ്രകാരം നിർദ്ദേശിക്കപ്പെടുന്ന സുരക്ഷാ കാറ്റഗറികൾക്ക് അനുസൃതമായി വ്യക്തിഗതസുരക്ഷയ്ക്കുവേണ്ട പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചുവരുന്നുണ്ട്. |
| (ബി) | പിക്കറ്റിന്റെ ചുമതലക്കാരൻ പ്രസ്തുത സുരക്ഷ നൽകുന്ന സ്ഥലത്ത് നടക്കുന്ന പ്രധാന സംഭവ വികാസങ്ങളും വിവരങ്ങളും യഥാസമയം രേഖപ്പെടുത്താറുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരം രേഖപ്പെടുത്തുന്ന രജിസ്റ്റർ ആരെങ്കിലും പരിശോധിക്കാറുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ബി) | രേഖപ്പെടുത്താറുണ്ട്. ഇപ്രകാരം സൂക്ഷിക്കുന്ന രജിസ്റ്റർ (ജനറൽ ഡയറി) മേലുദ്യോഗസ്ഥർ പരിശോധിച്ച് വിവരങ്ങൾ രേഖപ്പെടുത്താറുണ്ട്. |
| (സി) | പിക്കറ്റ് ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ ഡ്യൂട്ടിയിൽ പ്രവേശിക്കുന്ന സമയവും തിരികെ പോകുന്ന സമയവും ഡ്യൂട്ടി കൈമാറുന്ന തീയതിയും സമയവും ആയുധങ്ങളോ മറ്റ് സർക്കാർ മുതലുകളോ പിക്കറ്റിൽ കൊണ്ട് | (സി) | പിക്കറ്റ് ഡ്യൂട്ടിയിൽ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ ഡ്യൂട്ടിയിൽ പ്രവേശിക്കുന്ന സമയവും തിരികെ പോകുന്ന സമയവും, ഡ്യൂട്ടി കൈമാറുന്ന തീയതിയും സമയവും കൃത്യമായി രേഖപ്പെടുത്തി വരുന്നുണ്ട്. കൂടാതെ ആയുധങ്ങളോ മറ്റു സർക്കാർ മുതലുകളോ പിക്കറ്റിൽ കൊണ്ടുവരുന്നതും, കൈമാറുന്നതും, കൊണ്ടുപോകുന്നതുമായ എല്ലാ വിവരങ്ങളും |

| | | | |
|---|---|---|---|
| | വരുന്നതും കൈമാറുന്നതും തിരികെ കൊണ്ട് പോകുന്നതും രേഖപ്പെടുത്താറുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | | കൃത്യമായി ജനറൽ ഡയറിയിൽ രേഖപ്പെടുത്താറുണ്ട്. |
| (ഡി) | പ്രസ്തുത പിക്കറ്റുകൾ യഥാവിധി നടക്കുന്നുണ്ടോ എന്നും പിക്കറ്റിലെ ഉദ്യോഗസ്ഥർ കൃത്യമായി ജോലി നോക്കുന്നുണ്ടോ എന്നും പരിശോധിക്കാനായി വകുപ്പിലെ മുതിർന്ന ഉദ്യോഗസ്ഥർ പിക്കറ്റിൽ എത്താറുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരം പരിശോധനയ്ക്ക് വരുന്ന ഉദ്യോഗസ്ഥർ അവരുടെ സന്ദർശനം പിക്കറ്റിലെ ജനറൽ ഡയറിയിൽ രേഖപ്പെടുത്താറുണ്ടോ; | (ഡി) | പിക്കറ്റ് പോസ്റ്റിൽ ഉദ്യോഗസ്ഥർ കൃത്യമായി ജോലി നോക്കുന്നുണ്ടെന്ന് മുതിർന്ന ഉദ്യോഗസ്ഥർ പിക്കറ്റിലെത്തി പരിശോധന നടത്തിവരുകയും, പ്രസ്തുത സന്ദർശനം ജനറൽ ഡയറിയിൽ രേഖപ്പെടുത്തിയും വരുന്നുണ്ട്. |
| (ഇ) | പ്രസ്തുത പിക്കറ്റുകൾ പിൻവലിക്കുന്ന സന്ദർഭങ്ങളിൽ പിക്കറ്റുകളിൽ എഴുതിയിരുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നത് ബന്ധപ്പെട്ട എ.ആർ. ക്യാമ്പിലാണോ അതിർത്തിയിലെ പോലീസ് സ്റ്റേഷനിലാണോ എന്ന് വ്യക്തമാക്കാമോ? | (ഇ) | പ്രസ്തുത പിക്കറ്റുകൾ പിൻവലിക്കുന്ന സന്ദർഭങ്ങളിൽ ഏത് പോലീസ് സ്റ്റേഷൻ പരിധിയിലാണോ പിക്കറ്റ് ഉണ്ടായിരുന്നത് ആ പോലീസ് സ്റ്റേഷനിലാണ് പ്രസ്തുത രജിസ്റ്ററുകൾ (ജനറൽ ഡയറി) സൂക്ഷിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ